# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നഗരസഭകളുടെ മാസ്റ്റർ പ്ലാൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1501**     **15.2.16- ൽ മറുപടി നൽ കേണ്ടത്.**

| | ചോദ്യം<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, കെ.ശിവദാസൻ നായർ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നഗരസഭകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2008-2009 മുതൽ സ്കീം ഫോർ പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാൻസ് എന്ന സ്കീം ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | സംസ്ഥാനത്തെ എല്ലാ നഗര പ്രദേശങ്ങളിലും മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ആസൂത്രിത വികസനം സാധ്യമാകുക എന്നതാണ് മേൽപ്പടി സ്കീമിന്റെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) | പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ? | | നഗരസഭകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ ആദ്യഘട്ടത്തിന് G.O(Rt) No.3982/2008/LSGD dated: 13/11/2008 പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. G.O (Rt) No.2766/2009/LSGD dated: 24/10/2009, G.O(Rt) No. 2767/2009/LSGD dt.: 24/10/2009 എന്നീ ഉത്തരവുകൾ മുഖാന്തിരം മേൽ സ്കീമിന് ആവശ്യമായ വിശദ മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്കീമിന്റെ രണ്ടാം ഘട്ടത്തിനായി G.O(Rt)No. 1376/2012/LSGD dated: 17/05/2012, G.O (Rt) No.2664/2012/LSGD dated: 24/09/2012 എന്നീ ഉത്തരവുകൾ പ്രകാരവും |

| | | | |
|---|---|---|---|
| | | | മൂന്നാം ഘട്ടത്തിന് G.O(Rt) No. 2955/2015/LSGD dated:20/09/2015 പ്രകാരവും ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളും രണ്ടാം ഘട്ടത്തിൽ 29 മാസ്റ്റർ പ്ലാനുകളും (ഗ്രാമപഞ്ചായത്തുകൾക്കായുള്ള 2 മാസ്റ്റർ പ്ലാനുകൾക്ക് പുറമേ) മൂന്നാം ഘട്ടത്തിൽ പുതുതായി രൂപീകരിച്ച നഗരസഭാ പ്രദേശങ്ങൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ തയ്യാറാക്കി വന്ന 5 മാസ്റ്റർ പ്ലാനുകൾ അംഗീകരിക്കുകയും 12 പ്ലാനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു പ്ലാനുകളുടെ കരട് തയ്യാറാക്കുകയും അവ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. രണ്ടാം ഘട്ടത്തിൽ ഉൾ പ്പെടുത്തിയിരുന്ന 29 മാസ്റ്റർ പ്ലാനുകളിൽ 18 കരട് മാസ്റ്റർ പ്ലാനുകൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ ഉൾ പ്പെടുത്തിയിട്ടുള്ള പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ന്റെ മേൽ നോട്ടത്തിൽ ഒരു പ്രോജക്ട് സെൽ പ്രവർത്തിച്ചു വരുന്നു. മാസ്റ്റർ പ്ലാനുകളുടെ സുഗമമായ രൂപീകരമത്തിനായി Project Cell-ന്റെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ വിവിധ Handouts, Toolkits, Guidelines എന്നിവ പുറപ്പെടുവിച്ച് വരുന്നു. കൂടാതെ മുഖ്യനഗരാസൂത്രകന്റെ തലത്തിലും സർക്കാർ തലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ